പ്രതിമാസം 1000 രൂപാ നിരക്കിൽ ധനസഹായം നൽകിവരുന്നു. ആയത് മണിയോർഡർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്.

സാമൂഹ്യനീതി വകുപ്പ് പ്രത്യേകം പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. സബല കിറ്റുകളുടെ വിതരണവും സാമൂഹ്യ അടുക്കളയും അട്ടപ്പാടി മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ആരോഗ്യവകുപ്പിന് കീഴിൽ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. അമൃതം ന്യൂട്രിമിക്സിന്റെ വിതരണം എന്നിവയും നൽകിവരുന്നു.

ഈ വർഷം 20 നവജാത ശിശുമരണങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ്ഫെയർ

18 (*48) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

(ബി) ജോബ് ഫെയറിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ് ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർ വഴി പൂർത്തീകരിച്ചിട്ടുള്ളത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ എന്നീ നാല് ജില്ലകളിൽ ജോബ്ഫെസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിച്ചിട്ടുണ്ട്. മേളയിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി. മേഖലയിലെയും മറ്റ് വിവിധ മേഖലകളിലെയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്. മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ, ബിഗ് ലീപ് എന്നിവരുമായി ചേർന്നാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്.

(സി) 2011 സെപ്റ്റംബർ 6, 7 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജോബ്ഫെയർ M/s ബിഗ് ലീപ് ഈവന്റ് മാനേജ്മെന്റ് മുഖേനയും 2012 മേയ് 12-ാം തീയതി വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെയർ ജി-ടെക് എഡ്യൂക്കേഷൻ സെന്റർ മുഖേനയും 2013 മേയ് 11, 12 തീയതികളിൽ എറണാകുളം ജില്ലയിൽ M/s മലയാള മനോരമ മുഖേനയും 2013 മെയ് 31, ജൂൺ 1 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലയിലെ അരൂർ നിയോജകമണ്ഡലത്തിൽവച്ച് എം.എൽ.എ. ശ്രീ. എ. എം. ആരിഫിന്റെ നേതൃത്വത്തിലും ജോബ്ഫെസ്റ്റുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ ലഭ്യമാക്കിയിരുന്നു. വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും 225 പേർക്ക് Spot Job Offering Letter നൽകുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിരുന്നു. 1008 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു.

പ്രകൃതിവാതകം

19 (*49) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എളമരം കരീം :
ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പ് പെട്രോനെറ്റ് എൽ.എൻ.ജി. കടുത്ത പ്രതിസന്ധിയിലായിട്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വേണ്ട ഗൗരവം കാണിക്കുന്നില്ലെന്ന ആക്ഷേപത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ബി) വ്യവസായശാലകളിലും വീടുകളിലും വാഹനങ്ങളിലും പ്രകൃതി വാതകം എത്തിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ച വരുന്നതായ പരാതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രകൃതി വാതകം ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്താണെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് ക്രിയാത്മക നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) എൽ. എൻ. ജി. ക്ക് വാറ്റ് ഒഴിവാക്കി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സഹായകമായ നിലപാട് സ്വീകരിക്കണമെന്ന ആവശ്യത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പെട്രോനെറ്റ് എൽ.എൻ.ജി.-യുടെ പുതുവൈപ്പിലെ സംഭരണശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽനിന്നും മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേക്കും നടപ്പാക്കേണ്ട പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly